"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പ്

നമ്പർ. ജെഎ1/42/2024/പൊ.വി.വ 01-11-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് - 2021-22 അധ്യയന വർഷത്തെ നിയമനങ്ങൾ- 51എ ക്ലെയിം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 20/06/2024 തീയതിയിലെ എഫ്2/2387/2024/ഡി.ജി.ഇ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ് മഹാമാരിയുടെ ഫലമായി 2020 മാർച്ച് 23 മുതൽ അടച്ച സ്കൂളുകൾ ഉറന്നു പ്രവർത്തിച്ചത് 01/11/2021 മുതലാണെങ്കിലും 01/06/2021 മുതൽ തന്നെ ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചിരുന്നു. എന്നാൽ, നിയമനങ്ങൾ നടത്തുവാൻ സർക്കാർ അനുമതി നൽകിയിരുന്നത് 15/07/2021 മുതൽ മാത്രമാണ്. കെ.ഇ.ആർ അദ്ധ്യായം VII, ചട്ടം 2 എ പ്രകാരം ഒരു അക്കാദമിക വർഷം എന്നത് സ്കൂൾ തുറക്കുന്നത് മുതൽ മധ്യവേനലവധിക്ക് അടക്കുന്നത് വരെയുള്ള ഒരു വർഷ കാലയളവാണ്. കെ.ഇ.ആർ അദ്ധ്യായം XIV A , ചട്ടം 51A പ്രകാരം ഒരു അക്കാദമിക വർഷം തുടർച്ചയായ സർവ്വീസുള്ള അധ്യാപകർക്കു മാത്രമേ ചട്ടപ്രകാരം പുനർനിയമനത്തിനുള്ള അവകാശം ലഭിക്കുകയുള്ളൂ. 2021-22 വർഷം നിയമനങ്ങൾ നടത്താൻ അനുമതി നൽകിയത് 15/7/2021 ലാണ് എന്നത് കണക്കിലെടുത്തും സ്കൂൾ തുറന്നത് 2021 നവംബർ മാസത്തിലാണ് എന്നത് കണക്കിലെടുത്തും 2021-22 അക്കാദമിക വർഷത്തിൽ നിയമിക്കപ്പെട്ടവരുടെ കാര്യത്തിൽ ഒരു അക്കാദമിക വർഷമെന്നത് 15/7/2021 മുതൽ 31/3/2022 വരെയായി കണക്കിലെടുക്കാവുന്നതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ 15/7/2021 മുതൽ 31/3/2022 വരെ തുടർച്ചയായി നിയമാനംഗീകാരം ലഭിച്ചവർക്ക് 51 എ അവകാശം നൽകുന്നതിനായി പരിഗണിക്കാവുന്നതാണെന്നും , ടി ഇളവ് 2021-22 വർഷത്തേക്ക് മാത്രമാണെന്നുമുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
മീനാംബിക എം.ഐ
അഡിഷണൽ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.